(ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ എന്ത നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ & ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 1589 കെട്ടിടങ്ങളുടെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ (fire protection requirements) നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾക്ക് അനുസൃത മായിരിക്കണമെന്ന് കെ.എം.ബി.ആർ.-ലെ ചട്ടം 44, കെ.പി.ബി.ആർ.-ലെ ചട്ടം 49 എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്ക്, അപാകത ചൂണ്ടിക്കാണിച്ച്, ആയത് പരിഹരിക്കുന്നതിനായി നോട്ടീസ് നൽകിവരുന്നു. ഒരു മാസത്തെ സമയപരിധിക്കുള്ളിൽ അപാകത പരിഹരിക്കപ്പെടാത്തപക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരിയെ അറിയിച്ചുവരുന്നു.

ക്ലബ്ബുകളുടെയും ഹോട്ടലുകളുടെയും ബാർ ലൈസൻസ്

4 (*4) ശ്രീ. കെ. കെ. നാരായണൻ:
ശ്രീ. പി. കെ. ഗുരുദാസൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദു ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ എത്ര ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്;

(സി) പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നല്കുന്നതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷൻകളിലെ പുതിയ ഹോട്ടലുകൾക്ക് ബാർ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; സർക്കാരിനു ലഭിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിശോധിച്ചുവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ ലൈസൻസ് നല്കിയ ഹോട്ടലുകൾക്കും ക്ലബ്ബുകൾക്കും മദ്യവില്പനയ്ക്ക് പരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും മദ്യഉല്പാദന കമ്പനികൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) നിലവിലെ അബ്കാരി നയത്തിൽ ക്ലബ്ബ് ലൈസൻസ് റദ്ദു ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മദ്യനയത്തിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ ഓരോ വർഷവും വിലയിരുത്താവുന്നതാണ്.

(ബി) 33 ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) വിദേശമദ്യ നിയമം ചട്ടം 13(3) പ്രകാരം പഞ്ചനക്ഷത്ര ഹോട്ടലുകളുടെ അർഹത പരിശോധിച്ച് ബാർ ലൈസൻസ് നൽകാവുന്നതാണ്. പ്രധാനമായും ഹോട്ടലിന് ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം വകുപ്പ് നൽകുന്ന ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. ടി ഹോട്ടൽ നോൺ ഒബ്ജക്ഷണബിൾ സൈറ്റിൽ ആയിരിക്കണം. ഹോട്ടലിന് ബാർ ലൈസൻസ് അനുവദിക്കുന്നതിന് ആക്ഷേപം ഇല്ലായെന്ന് ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ നിരാക്ഷേപ പത്രം വേണം. കൂടാതെ വിദേശ മദ്യനിയമം ചട്ടം 13 A-യിൽ നിഷ്കർഷിക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം.

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നുണ്ട്.

(ഇ) നിലവിലെ നയം അനുസരിച്ച് മദ്യവിൽപ്പനയ്ക്ക് പരിധി നിശ്ചയിക്കുവാൻ വ്യവസ്ഥയില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല. നിലവിലെ നയത്തിൽ മദ്യ ഉൽപ്പാദന കമ്പനികൾ പൂട്ടുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് അവയുടെ ഉൽപ്പാദന അളവ് വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പാക്കേജ്

5 (*5) ശ്രീ. തോമസ് ചാണ്ടി:

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കായി മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരമുള്ള പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly